പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1491 | 10-02-2020-ലെ മറുപടിയ്ക്ക്

**കോതമംഗലം താലൂക്കിലെ വന്യമൃഗ ശല്യം മൂലമുള്ള കൃഷിനാശം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | കോതമംഗലം താലൂക്കിൽ കാട്ടാനകൾ അടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യം മൂലം കുട്ടമ്പുഴ, പിണ്ടിമന, കോട്ടപ്പടി ഉൾപ്പെടെ വിവിധ പ്രദേശങ്ങളിൽ കൃഷിനാശം വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** | ഉണ്ട്. |
| **(ബി)** | ഇത്തരത്തിൽ വന്യമൃഗങ്ങൾ കാർഷിക വിളകൾ നശിപ്പിക്കുന്നത് തടയുന്നതിന് കൃഷിവകുപ്പ് എന്തെങ്കിലും പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | **(ബി)** | നമ്മുടെ സംസ്ഥാനത്തിൽ കാട്ട്പന്നി, മയിൽ, കുരങ്ങ്, ആന, എരണ്ടപ്പക്ഷി എന്നിവ കാർഷിക വിളകൾക്ക് നഷ്ടമുണ്ടാക്കുന്നുണ്ട്.<br>നമ്മുടെ നാട്ടിലെ കർഷകർ ഇലക്ട്രിക് വേലി, പ്ലാസ്റ്റിക് വേലി, വയർ ഉപയോഗിച്ചുള്ള വേലി, തേനീച്ച വേലി, സോളാർ വേലി, പടക്കം പൊട്ടിക്കുക, തീപ്പന്തങ്ങൾ ഉപയോഗിച്ച് ഭയപ്പെടുത്തുക, ഉച്ചത്തിൽ ശബ്ദമുണ്ടാക്കുക, വയലിന് ചുറ്റും കുഴിയെടുക്കുക, പുകയ്ക്കുക എന്നീ മാർഗ്ഗങ്ങൾ അവലംബിക്കാറുണ്ട്.<br>വികർഷണ വസ്തുക്കളായ ആവണക്കെണ്ണ, വെളുത്തുള്ളി മിശ്രിതം, മുളക് മിശ്രിതം എന്നിവയും വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനായി ഉപയോഗിക്കാറുണ്ട്.<br>കേരളത്തിലെ വനം-വന്യജീവി വകുപ്പ് സോളാർ വേലി, വൈദ്യുതി വേലി (electric fencing), elephant trenching, elephant walls എന്നിവ വിളകളെ സംരക്ഷിക്കുന്നതിന് വേണ്ടി നിർമ്മിക്കാറുണ്ട്.<br>സംസ്ഥാന കൃഷി വകുപ്പ് ആത്മ പദ്ധതിയുടെ ഭാഗമായി Ecodon, Borep എന്നീ വികർഷണ വസ്തുക്കൾ ഉപയോഗിച്ചുള്ള ഡെമോൺസ്ട്രേഷനുകൾ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയിട്ടുണ്ട്. Ecodon, Borep എന്നിവ കാട്ടുപന്നിയുടെ ശല്യത്തിനെതിരെയാണ് ഉപയോഗിച്ചു വരുന്നത്. |
| **(സി)** | ഇത്തരത്തിൽ വന്യമൃഗശല്യം മൂലം കോതമംഗലം ബ്ലോക്കിൽ ഉണ്ടായിട്ടുള്ള കൃഷി നാശം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | **(സി)** | കോതമംഗലം ബ്ലോക്കിൽ 12 ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ട്. |
| **(ഡി)** | ഇത്തരത്തിൽ വന്യമൃഗശല്യം മൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരമായി ധനസഹായം അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്രപേർക്ക് ധനസഹായം ലഭ്യമാക്കിയെന്നും എത്ര തുക ധനസഹായം അനുവദിച്ചെന്നും വ്യക്തമാക്കാമോ; | **(ഡി) & (ഇ)** | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്ത കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. ടി പദ്ധതി പ്രകാരം 2 കർഷകർക്കായി 2,37,750/- രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. വന്യമൃഗ ആക്രമണത്തിൽ കൃഷി നശിച്ചാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വേഗത്തിൽ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ഇ)** | ഇത്തരത്തിൽ വന്യമൃഗ ആക്രമണത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് വേഗത്തിൽ നഷ്ടപരിഹാരം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**